# അമ്മ

## മിനി സുകുമാർ

‘അമ്മ’ എന്ന കഥയിൽ ബഷീർ സ്വന്തം അമ്മയെക്കുറിച്ചാണെഴുതുന്നത്. അദ്ദേഹത്തിന്റെ പല കഥകളിലും സ്വന്തം അമ്മ ഒരു സജീവ കഥാപാത്രമായി വരുന്നുണ്ട്. ജീവിതത്തിന്റെ അതിസാധാരണമായ പല വിഷമസന്ധികളെക്കുറിച്ചും അതീവലാളിത്യത്തോടെ എഴുതിയ ബഷീർ, അമ്മ എന്ന വ്യക്തിയേയും അമ്മയെന്ന മാനസികഭാവത്തേയും അമ്മയെന്ന അവസ്ഥയുടെ സങ്കീർണ്ണമായ അടയാളപ്പെടുത്തലുകളേയുമാണ് നമുക്കു മുമ്പിൽ വെളിപ്പെടുത്തിയത്. അമ്മയെക്കുറിച്ചുള്ള ഓർമക്കുറിപ്പിന്റെ രൂപത്തിലാണ് ഈ കഥ എഴുതിയിരിക്കുന്നത്. (സമാഹാരത്തിന്റെ പേരും ഓർമക്കുറിപ്പുകൾ എന്നാണ്.) എന്നാൽ ഇത് അമ്മയെക്കുറിച്ചുള്ള ഓർമക്കുറിപ്പു മാത്രമല്ല, അമ്മയെക്കുറിച്ചുള്ള മകന്റെ ഓർമകളും ഇന്ത്യൻ സ്വാതന്ത്ര്യസമരവും പ്രത്യക്ഷത്തിൽ പ്രമേയമായിരിക്കുന്ന ഈ കഥയിൽ അമ്മയും ജന്മദേശവും (രാഷ്ട്രം) പരസ്പരം കൂടിച്ചേർന്ന് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന രാഷ്ട്രപ്രതീകം കൂടി അന്തർലീന സാന്നിദ്ധ്യമായി നിൽക്കുന്നു. എന്നാൽ ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്തെ സാംസ്കാരിക ദേശീയതയുടെ ഉല്പന്നമായ ഭാരതമാതാവിൽ നിന്നും തികച്ചും വ്യത്യസ്തയാണ് ഈ അമ്മ. അന്നത്തെ സമരകാലങ്ങളിൽ ഇന്ത്യയിലെ ലക്ഷോപലക്ഷം അമ്മമാർ എന്തുചെയ്തു എന്നൊരു പ്രധാനപ്പെട്ട ചോദ്യം ഉയർത്തിക്കൊണ്ടാണ് ബഷീർ ഈ കഥ ആരംഭിക്കുന്നത്. പ്രഖ്യാപിത ചരിത്രരചയിതാക്കളും രാഷ്ട്രീയ പ്രവർത്തകരും മറക്കുകയോ അവഗണിക്കുകയോ ചെയ്ത ഈ ചോദ്യത്തെ പിന്തുടർന്നുകൊണ്ട് ഈ കഥ വായിക്കുമ്പോൾ അമ്മയേയും ദേശ





ത്തേയും അടയാളപ്പെടുത്തുന്നതിലെ ബഷീറിന്റെ സവിശേഷമായ പ്രത്യേക ശൈലി നമുക്കു വ്യക്തമാകുന്നു.

സ്ത്രീയുടെ വീട്ടിനുള്ളിലെ ഗാർഹിക ഉത്തരവാദിത്വങ്ങളാൽ ബന്ധിതമായ സ്ഥാനം, ഗർഭവും പ്രസവവും കുട്ടികളെ വളർത്തലും ഉൾപ്പെടുന്ന പ്രത്യുല്പാദന പ്രക്രിയയിലെ സവിശേഷ അനുഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് രൂപപ്പെടുന്ന സ്ത്രീയുടെ അനുഭവ മണ്ഡലം അവൾക്ക് പ്രത്യേകമായ ലോകവീക്ഷണം ഉണ്ടാകുന്നതിനു കാരണമാകുന്നുവെന്നസിദ്ധാന്തം സ്ത്രീവാദസിദ്ധാന്തങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. ലോകവീക്ഷണത്തെ രൂപപ്പെടുത്തുന്ന പ്രത്യേകമായ ഈ സാമൂഹ്യനില (Stand point) സ്ത്രീയുടെ ലോകവീക്ഷണത്തേയും അതുവഴി അവളുടെ ആവിഷ്കാരങ്ങളേയും വ്യത്യസ്തമാക്കുന്നുണ്ട്. ‘അമ്മ’യെന്ന അവസ്ഥ; അതിനാൽ സ്ത്രീയനുഭവിക്കുന്നതും പൊതുവെ സമൂഹം ഉദാത്ത മാതൃകയായി നിർമ്മിച്ച് പ്രചരിപ്പിക്കുന്നതും തമ്മിൽ വ്യത്യാസങ്ങളുണ്ട്. കുട്ടികളുടെ പരിചരണത്തിന്റേയും ഗാർഹിക ഉത്തരവാദിത്വങ്ങളുടേയും നടത്തിപ്പ് പ്രയാസംകൂടാതെ തുടർന്നു പോകാനായി മാതൃത്വത്തെ പിതൃമേധാവിത്വസമൂഹം ഉദാത്തവൽക്കരിക്കുന്നുവെന്ന്- സർവ്വംസഹയും സദാ പരിചരണസന്നദ്ധയുമായ മുഴുവൻസമയ അമ്മ-സ്ത്രീവാദികൾ വിമർശിക്കുന്നു. അതേസമയം, പത്തു മാസത്തോളം തന്റെ ശരീരത്തിന്റെ ഭാഗമായി കഴിഞ്ഞു കൂടിയ കുഞ്ഞിനോട്, അതു താൻതന്നെയോ തന്റെയൊരു തുടർച്ചയോ ആണെന്ന തോന്നൽ സ്ത്രീയുടെ ശക്തമായ മാനസികഭാവമായി ജീവിതമാകെ തുടരുന്നുവെന്നും അവർ തിരിച്ചറിയുന്നു. അമ്മയും മക്കളുമായുള്ള ബന്ധം ഏറ്റവും സാധാരണമായ മനുഷ്യബന്ധങ്ങളിൽ ഒന്നാമത്തേതായിരിക്കെത്തന്നെ ഏറ്റവും സങ്കീർണ്ണമായ ബന്ധമായിരിക്കുന്നു. മക്കളേയും മക്കളുടെ അനുഭവങ്ങളേയും തന്റേതുപോലെത്തന്നെ അനുഭവിക്കുന്ന മാനസികാവസ്ഥയിലേക്ക് അമ്മമാർ സ്വാഭാവികമെന്നോണം മാറുകയും അവർക്കിടയിലെ വിനിമയങ്ങൾ തീവ്രവും അതേസമയം അതീവലളിതവും ആകുകയും ചെയ്യുന്നു. ബഷീർ അമ്മയെക്കുറിച്ച് എഴുതുമ്പോൾ ഈയൊരു സ്ത്രീയനുഭവമണ്ഡലത്തിന്റെ തിരിച്ചറിവുകൾ അദ്ദേഹത്തിൽ കാണാൻ കഴിയുന്നുണ്ട്. പൊതുവെ പുരുഷന്മാരായ എഴുത്തുകാർ ഭൂരിപക്ഷവും സമൂഹം അംഗീകരിച്ച ഉദാത്ത അമ്മമാതൃകകളുടെ പിന്തുടർച്ചക്കാരായി തുടരുകയാണ് പതിവ്. അമ്മയുടെ ത്യാഗവും സ്നേഹവും മക്കളോടുള്ള ഉത്തരവാദിത്വപൂർണ്ണമായ കരുതലും പ്രകീർത്തിക്കപ്പെടുന്ന ഇത്തരം എഴുത്തുകളിൽ, അമ്മ കുറവുകളേതുമില്ലാതെ പ്രതീകമായി നിലനിൽക്കുന്നു.

എന്നാൽ ബഷീറിന്റെ അമ്മ (ഉമ്മ) മറ്റൊരാളാണ്. സാധാരണമായ ജീവിതങ്ങളിൽ നമ്മൾ കണ്ടുമുട്ടുന്ന അനേകം അമ്മമാരെപ്പോലെ ജീവിതത്തിന്റെ പ്രശ്നങ്ങളെ- ദാരിദ്ര്യം, രോഗം, മകന്റെ രാഷ്ട്രീയവും, വീടുവിട്ടുപോക്കും, ദീർഘകാലവിരഹം നേരിടുന്ന- അവയെ അഭിമുഖീകരിച്ച് മുന്നോട്ട് പോകുന്ന ഒരാളാണ് ഈ അമ്മ. മകന്റെ രാഷ്ട്രീയപ്രവർത്തനം എന്താണെന്നു പൂർണ്ണമായി മനസ്സിലാക്കിയിട്ടില്ലെങ്കിലും അതിന്റെ രാഷ്ട്രീയമായ പ്രാധാന്യത്തെക്കുറിച്ചുള്ള തിരിച്ചറിവുകൾ ഈ അമ്മയിലുണ്ട്. മകനെ പ്രവർത്തനങ്ങളിൽ വിലക്കാതെ, പിന്നോട്ടു വിളിക്കാതെ കൂടെ നിൽക്കുകയാണ് ഇവിടെ അമ്മ ചെയ്യുന്നത്. എല്ലാ

വരുടേയും 'പഷ്ണി' തീർക്കുന്നതാണോ, അതായത്, ദരിദ്രരായ ഭൂരിപക്ഷം ജനങ്ങൾക്ക് പ്രയോജനം ഉണ്ടാക്കുന്നതാണോ ഈ സമരം എന്നുള്ളതാണ് ഈ സമരത്തെ മനസ്സിലാക്കാനും അംഗീകരിക്കാനും അമ്മ ഉപയോഗിക്കുന്ന മാനദണ്ഡം. ഗാന്ധിയെ അമ്മ പരാമർശിക്കുന്ന രണ്ടു സന്ദർഭങ്ങളും ("കാന്തിക്ക് എവിടെനിന്ന് കിട്ടിയെടാ ചാക്കു പോലത്തെ പുഷ്കടി മുണ്ട്?" "ഈ കാന്തി നമ്മുടെ പഷ്ണി തീർക്കുവോ?") ഗാന്ധിയുടെ പ്രധാനപ്പെട്ട രണ്ടു രാഷ്ട്രീയ നിലപാടുകളെ -സ്വാശ്രയത്വം ദാരിദ്ര്യനിർമ്മാർജ്ജനം-ക്കുറിച്ചാണെന്നത് ശ്രദ്ധേയമാണ്. ദീർഘമായ ജയിൽവാസവും ദേശാടനവും കഴിഞ്ഞ് പാതിരാത്രിക്ക് വീട്ടിലെത്തുന്ന മകനോട് മറ്റൊന്നും ചോദിക്കാതെ കൈകഴുകി ഊണു കഴിക്കാൻ പറയുന്ന അമ്മ; ഇക്കാലമത്രയും മകൻ ചെയ്തതെല്ലാം തന്റെകൂടി ജീവിതത്തിന്റെ ഭാഗമാണെന്നു കരുതുന്ന ഒരു ലോകവീക്ഷണത്തിന്റെ പ്രതിനിധിയാണ്. അമ്മയ്ക്ക് മകന്റെ അനുഭവങ്ങൾ തന്റേതന്നെ തുടർച്ചപോലെ അനുഭവപ്പെടുന്ന അവസ്ഥ. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ലക്ഷോപലക്ഷം യുവതീയുവാക്കൾ പോരാടിയപ്പോൾ അവരുടെ സമരങ്ങൾക്കു തുണയായി നിന്നുകൊണ്ട് ആ പോരാട്ടത്തിൽ പങ്കാളികളായി ഈ അമ്മമാരെല്ലാം. അവരവരുടെ ഭവനങ്ങളിൽ ഇരുന്നു കൊണ്ട് ഈ പോരാട്ടത്തെ അനുഭവിച്ചവരായിരുന്നു ഈ അമ്മമാരെല്ലാം എന്ന വലിയൊരു രാഷ്ട്രീയ പ്രസ്താവന കൂടിയാണ് ബഷീർ ഈ കഥയിലൂടെ നടത്തുന്നത്.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ രാഷ്ട്രത്തെ-ഭാരതദേശത്തെ അമ്മയായി സങ്കൽപിച്ചുകൊണ്ടുള്ള സാംസ്കാരികനിർമ്മിതി വളരെ ശക്തമായിരുന്നു. ബ്രിട്ടീഷ് അധിനിവേശത്താൽ മാനാഭിമാനം നഷ്ടപ്പെട്ട അപമാനിതയായ ദേശമാതാവായും മറ്റു ചിലപ്പോൾ അപരിമേയമായ അനുഗ്രഹ-നിഗ്രഹ ശക്തിയുള്ള യുദ്ധാഹ്വാനം നടത്തുന്ന ശക്തിശാലിനിയായിയും 'അമ്മ' (സ്ത്രീ) അക്കാലത്ത് ശക്തമായ പ്രതീകമായി ഉപയോഗിക്കപ്പെട്ടു. ഭാരതത്തിന്റെ ആര്യമാഹാത്മ്യത്തിൽ പൂർവ്വകാലത്തിന് സംഭവിച്ച നഷ്ടങ്ങളെക്കുറിച്ചുള്ള ചരിത്രനിർമ്മിതിയും സിദ്ധാന്തങ്ങളും രൂപപ്പെടുത്തിയ സാംസ്കാരിക ദേശീയവാദികളും സ്വാതന്ത്ര്യലബ്ധിക്കുശേഷം തൊണ്ണൂറുകളിൽ സജീവമായ ഹിന്ദുത്വവാദികളും ദേശത്തെ സ്ത്രീശരീരമായി (അമ്മയായും) പ്രതീകവൽക്കരിക്കുന്നതിൽ അതീവതാത്പര്യമുള്ളവരാണ്. ഇവരെ സംബന്ധിച്ച് സ്ത്രീയും ദേശവും അന്യോന്യം ബന്ധപ്പെട്ട സങ്കല്പങ്ങളാണ്. സ്വന്തം സ്ത്രീയെ നിയന്ത്രണാധികാരങ്ങളോടെ പരിരക്ഷിച്ച് അന്യപുരുഷന്മാരുടെ കൈയ്യേറ്റങ്ങളിൽനിന്നു സംരക്ഷിക്കുന്നതു പോലെത്തന്നെയാണ് ദേശത്തെ 'അന്യ'രാജ്യങ്ങളിൽനിന്നും അന്യപൗരത്വമുള്ളവരിൽനിന്നും സംരക്ഷിച്ച് നിർത്തുന്നതും. യഥാർത്ഥ ഹിന്ദു (ജന്മംകൊണ്ട് ഹിന്ദു) വല്ലാത്ത എല്ലാവരേയും അന്യപൗരത്വം ഉള്ളവരായി നിർവ്വചിക്കുവാൻ ഇവർ കാണിക്കുന്ന താല്പര്യവും ഇതിൽ പ്രധാനപ്പെട്ടതാണ്. ഇത്തരം നിർമ്മിതികൾക്ക് യാഥാർത്ഥ്യങ്ങൾക്കു പുറത്തുനിൽക്കുന്ന ഉദാത്തമായ അമ്മ മാതൃകകളാണ് ആവശ്യം. അതാണ് പ്രയോജനകരവും. സ്ത്രീയുടെ പ്രത്യുൽപാദനപരമായ ഉത്തരവാദിത്വങ്ങൾമാത്രം പ്രത്യക്ഷപ്പെടുന്ന, മക്കളെ സദാസമരസന്നദ്ധരായി വളർത്താൻ പ്രതിജ്ഞാബദ്ധമായ, ലൈംഗികഛായകൾ ഏതുമില്ലാത്ത പരിശുദ്ധിയുടെ വരേണ്യ പ്രതീകമാണ് ഈ





ഭാരതമാതാവ്. ഈ മാതൃകയിൽപ്പെടാത്ത ഏത് അമ്മയും- ഇതരമതവിഭാഗങ്ങൾ, ദളിതർ, വ്യവസ്ഥാപിത കുടുംബത്തിൽ ഉൾപ്പെടാത്തവർ, ഒറ്റയ്ക്കു ജീവിക്കുന്നവർ, ലൈംഗിക ശരീരങ്ങൾ, വീടിനുപുറത്തെ പ്രവർത്തനങ്ങൾ ഇഷ്ടപ്പെടുന്നവർ തുടങ്ങിയവരെയെല്ലാം- ഈ നിർമ്മിതിക്ക് തടസമാണ്. ഇത്തരമൊരു വഴങ്ങിക്കൊടുക്കലിന് യൊതൊരു സാധ്യതയും നൽകാതെ നിൽക്കുന്നു ബഷീറിന്റെ അമ്മ. സ്വാതന്ത്ര്യസമരത്തിന്റെ എല്ലാ തീവ്രാനുഭവങ്ങളും സ്വാംശീകരിച്ചുകൊണ്ടും അടിച്ചമർത്തപ്പെട്ട ജനങ്ങളുടെ പ്രതീകമായും നിലനിൽക്കുന്ന ബഷീറിന്റെ അമ്മ ഉദാത്തവൽക്കരണ മാതൃകകളെ ചോദ്യം ചെയ്യുന്നു; അതിന്റെ സാദ്ധ്യതകളെ അട്ടിമറിക്കുകയും ചെയ്യുന്നു.

വൈക്കം മുഹമ്മദ് ബഷീർ എഴുത്തുകാരനെന്ന നിലയിൽ മുന്നോട്ടുവെയ്ക്കുന്ന ലോകവീക്ഷണത്തിന്റെ ശക്തിയും വ്യത്യസ്തതയുമാണ് ഇത്തരത്തിലൊരു ഓർമക്കുറിപ്പ് സാധ്യമാക്കുന്നത്. ബഷീറിന്റെ കഥാപ്രപഞ്ചത്തിലുടനീളം ഇത്തരത്തിലുള്ള അനേകം സ്ത്രീകൾ വ്യക്തിത്വത്തോടെ നിറഞ്ഞു നിൽക്കുന്നു. ബഷീറിന്റെ സ്വന്തം അമ്മ പെങ്ങന്മാർ മുതൽ ശബ്ദസാന്നിദ്ധ്യം മാത്രമായ നാരായണിവരെ ചൈതന്യവതികളായ ഈ സ്ത്രീകൾ മലയാള വായനക്കാർക്ക് സുപരിചിതരാണ്. പഴയതും പുതിയതുമായ മലയാള സാഹിത്യത്തിന്റെ പെൺവഴക്കങ്ങളിൽ നിന്നും തീർത്തും ഭിന്നരാണ് ബഷീറിന്റെ സ്ത്രീകൾ. തീവ്രമായ ജീവിതാഭിനിവേശം പ്രകടിപ്പിക്കുന്നവരും പ്രണയത്തിൽ ധൈര്യവതികളും എന്നാൽ സൗന്ദര്യപരമായ നിഗൂഢതകൾ ഇല്ലാത്തവരുമാണ് ഈ സ്ത്രീകൾ; ജീവിതവുമായി നേർ ബന്ധമുള്ളവർ, കേരള സമൂഹം പരിഷ്കരിക്കപ്പെട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടത്തെക്കുറിച്ചാണ് ബഷീർ എഴുതിയത്. പഴയ ജീവിതരീതികൾ പൂർണ്ണമായും മാറിക്കഴിഞ്ഞിട്ടില്ലാത്ത നാട്ടിൻപുറങ്ങളിലേക്ക് സ്വാതന്ത്ര്യസമരവും കോൺഗ്രസ്സും പത്രവും പുസ്തകവും പോലീസു മൂരാച്ചികളും ബീഡികമ്പനികളും ലേഡീസ് ബാഗും വൃത്തിയുള്ള വസ്ത്രങ്ങളും ചെരുപ്പും ബ്രേസിയറും ഇംഗ്ലീഷ്മരുന്നും മഹിളാസമാജവും പ്രചാരത്തിലാകുന്ന കാലമാണിത്, എന്നതാണിതിന്റെ പ്രത്യേകത. ഈ മാറ്റങ്ങളുടെ പ്രധാന ഉപയോക്താക്കളായിരുന്നു സ്ത്രീകൾ; അവർ പരിഷ്കരണ വസ്തുക്കൾ മാത്രമായിരുന്നില്ല. സ്ത്രീകളുടെ അനുഭവങ്ങൾക്ക് സവിശേഷ ശ്രദ്ധ നൽകുകയും അവരുടെ ലോകകാഴ്ചകൾക്ക് പ്രാധാന്യമുണ്ടെന്ന് മനസ്സിലാക്കുകയും സ്ത്രീയെ ശാരീരികമായും വൈകാരികമായും നിഗൂഢവൽക്കരിക്കാതിരിക്കുകയും ചെയ്ത എഴുത്തുകാരനായിരുന്നു വൈക്കം മുഹമ്മദ് ബഷീർ.